Bridges—Ernakulam-Mattancheri and Kottappuram.

438. മിസ്റ്റർ കെ. എം. ഇബ്രാഹിം.—(a) എറണാകുളം, മട്ടാഞ്ചേരി, കോട്ടപ്പുറം ഈ സ്ഥലങ്ങളിൽ ഉള്ള പാലങ്ങൾ വളരെ ഉയരം കുടിയവയും, യാത്രക്കാക്ക കയറി ഇറങ്ങുന്നതിന് സൌകര്യമില്ലാത്തവയും അല്ലേ;

(b) ജെട്ടികളിൽ ബോട്ടുകൾ കെട്ടി ഇടുന്നതിനു സൌകര്യം തീരെ പോരാത്തതുനിമിത്തം ബോട്ടുകൾക്ക് കേടുവരുന്നതായി ഗവൺമെൻറ് അറിഞ്ഞിട്ടുണ്ടോ;

(c) ടി കാര്യത്തിൽ എന്തു ചെയ്യാനാണ് ഗവൺമെൻറ് ഭാവിയ്ക്കുന്നത്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—(a) എറണാകുളത്തും മട്ടാഞ്ചേരിയിലും ഉള്ള പാലങ്ങൾ (ജെട്ടികൾ) വളരെ ഉയരം കുടിയവയല്ല. എന്നാൽ കോട്ടപ്പുറത്തുള്ള പാലം കുറച്ച് അസൌകര്യം ഉണ്ടായേക്കാവുന്ന വിധം പൊക്കമുള്ളതുകൊണ്ട് അസൌകര്യം കുറയ്ക്കുന്നതിന് ഏർപ്പാട് ചെയ്യുന്നുണ്ട്.

(b) ഉവ്വ്; ഇതിനെ സംബന്ധിച്ച നടപടി നടന്നുവരുന്നുണ്ട്.

(c) മേൽപറഞ്ഞ മറുപടികളാൽ ഈ ചോദ്യത്തിന് വേറെ ഉത്തരം ആവശ്യമില്ല.

Jayalekshmi Boat.

439. മിസ്റ്റർ കെ. എം. ഇബ്രാഹിം:—(എ) ചിങ്കം ൨൦-ാംനു പടിയൂർ നിന്നും എറണാകുളത്തേയ്ക്ക് ലയിൻ പോയ ജയലക്ഷ്മി ബോട്ട് കോട്ടപ്പുറത്തു വെച്ച് സസ്പെണ്ടുചെയ്തതിലുണ്ടായിരുന്ന യാത്രക്കാരെ ബുദ്ധിമുട്ടിയ്ക്കുവാൻ കാരണമെന്ത്;

(൨) ലയിൻ പോകുന്ന ബോട്ട് നിസ്സാരകാരണങ്ങൾ പറഞ്ഞും, യാതൊരു മുന്നറിവു കൊടുക്കാതേയും, ലയിൻ ഇടയ്ക്കു നിർത്തിച്ചും യാത്രക്കാരെ ബുദ്ധിമുട്ടിയ്ക്കാമെന്നും റെഗുലേഷൻ പറയുന്നുണ്ടോ? ഉണ്ടെങ്കിൽ ആ വകുപ്പ് കാണിയ്ക്കുമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—(എ) ചിങ്കം ൨൦-ാംനു പടിയൂരിൽനിന്നും എറണാകുളത്തേയ്ക്ക് ലയിൻ പോയ ജയലക്ഷ്മി ബോട്ട് സസ്പെണ്ടുചെയ്തിട്ടില്ല.

(൨) ഇല്ല.

Landing of Boats—Ernakulam and Mattancheri.

440. മിസ്റ്റർ കെ. എം ഇബ്രാഹിം.—(എ) മട്ടാഞ്ചേരിയിലും എറണാകുളത്തും ബോട്ടുകൾ കനാൽ പാലത്തിന്മേൽ അടുത്ത് ആളെ കയറ്റിറക്കു ചെയ്യണമെന്നു നിർബ്ബന്ധമുള്ളതു് ആക്കാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ഛ) കനാൽകരുടെ ആവശ്യാർത്ഥം അടക്കുന്നതിനു് മുനിസിപ്പാലിറ്റി കൺടാക്ടുകാർ പണം പിരിയ്ക്കുവാൻ അനുവദിയ്ക്കുന്നതു് എന്തുകൊണ്ടു്;

(ന) ഇതിനെ സംബന്ധിച്ചു് ബോട്ടുകാരുടെ ആവലാതി ഗവണ്മെൻറിനു് അദ്യം എന്നാണു് കിട്ടിയതു്;

(ര) ഇതിനെസംബന്ധിച്ചു് എന്തുചെയ്യാനാണു് വിചാരിച്ചിരിയ്ക്കുന്നതു്?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—(ക) യാത്രക്കാരുടെ രക്ഷയ്ക്കും ഗുണത്തിനും സൌകര്യത്തിനും വേണ്ടി ഗവണ്മെൻറു് കനാൽ നിയമപ്രകാരം ബോട്ടുകൾ കനാൽ പാലത്തിന്മേൽ അടുത്തു അവയെ പരിശോധിയ്ക്കേണ്ടതു് കനാൽ ഉദ്യോഗസ്ഥന്മാരുടെ ചുമതലയാണു്.

(ഖ) കനാൽ നിയമപ്രകാരം ജെട്ടിയിൽ അടുപ്പിയ്ക്കുന്ന ബോട്ടുകളെ മുനിസിപ്പൽ നിയമം ഒഴിവാക്കാത്തതുകൊണ്ടു് മുനിസിപ്പാലിറ്റി കൺടാക്ടർ പണം പിരിയ്ക്കുന്നതാണു്.

(ന) ക ക ഠ ന-ൽ.

(ര) ഇതിനെസംബന്ധിച്ചു് ഇപ്പോൾ ഒന്നും ചെയ്യാൻ വിചാരിയ്ക്കുന്നില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—കനാൽകാർ ഒരു ഭാഗത്തു നിന്നും, മുനിസിപ്പാലിറ്റിക്കാർ മറെറാരു ഭാഗത്തു നിന്നും ഇങ്ങിനെ രണ്ടു വഴിയ്ക്കായിട്ടു കരം പിരിയ്ക്കുന്നതായാൽ അതു കുറച്ചു കഷ്ടമല്ലേ?

Mr. V. K. Aravindaksha Menon.—It is a matter of opinion. We have to follow the Municipal rules and regulations and they cannot be changed by any other regulation.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ഈ ലൈസൻസ്സു് പതിവും, ഇൻസ്പെക്ഷൻ പതിവുംകൂടി നിശ്ചയിയ്ക്കുമ്പോൾ മുനിസിപ്പാലിറ്റിക്കാർ ഇങ്ങിനെ ഒരു സംഖ്യ കൂടി ആവശ്യപ്പെടുമെന്നുള്ളതും ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ പെട്ടിരിയ്ക്കുമോ?

Mr. V. K. Aravindaksha Menon.—Yes.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—അങ്ങിനെയുണ്ടെങ്കിൽ ലൈസൻസിനെ പറ്റി വല്ല ഒരു ഇളവുകളും ചെയ്യുവാൻ ഭാവിയ്ക്കുന്നുണ്ടോ?

Mr. V. K. Aravindaksha Menon.—No.

441. മിസ്റ്റർ കെ. എം. ഇബ്രാഹിം.—(ക) എറണാകുളത്തു് കനാൽ പാലത്തിന്റെ മൻവശമുള്ള തൂണുകളും മറും ഇടിഞ്ഞു് അപായകരമായ നിലയിൽ നില്ക്കുന്നതിനെ സംബന്ധിച്ചു് വല്ല റിപ്പോർട്ടും ഗവണ്മെൻറിനു് കിട്ടീട്ടുണ്ടോ;

ആര്, എത്ര തിയതിയ്ക്കു് റിപ്പോർട്ടു് ചെയ്തു;

LIBRARY ARCHIVES Kerala Legislative Assembly

(ഛ) കുരുവനൂർ പാലത്തിന്റെ സ്മരണ നല്ലവണ്ണം വച്ചുകൊണ്ട് പൊതുജനങ്ങളുപയോഗിയ്ക്കുന്ന പാലങ്ങളെ സംബന്ധിച്ച് ഭരണകർത്താക്കൾ കുറേക്കൂടി ജാഗ്രത പ്രദർശിപ്പിയ്ക്കുമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—(ക) അങ്ങിനെ ഒരു റിപ്പോർട്ട് കിട്ടീട്ടില്ല.

(ഖ) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—വഴിയെ പോകുമ്പോൾ ഭയമായിട്ട് ആ പാലം ഒന്നു നോക്കുന്നതിനു മനസ്സുണ്ടാകുമോ?

Mr. V. K. Aravindaksha Menon.—I have inspected the place.

Mr. K. M. Ibrahim.—When ?

Mr. V. K. Aravindaksha Menon.—Recently, I want notice for the date.

Appointment—Prosecuting Inspector Mr. P. V. Raman Menon.

442. Mr. C. A Ouseph.—Will the Government be pleased to place on the table:—

(a) the communication of the Commissioner of Police to the Government containing the recommendation referred to in answer to question No. 61 (b) of the Legislative Session of 1107, recommending Mr. P. V. Raman Menon for appointment as Prosecuting Inspector ;

(b) the order passed by the Government on the recommendation mentioned in (a) ;

(c) the reason for the non-acceptance by the Government of the Commissioner's recommendation ?

Mr. P. Nilakanta Menon.—(a) Copy is placed on the table. (*Vide Appendix IV.*)

(b) No order was passed on this recommendation.

(c) It was thought better to try a law graduate with some standing at the Bar.

443. Mr. C. A. Ouseph.—In reference to questions 60 and 61 of the Legislative Session of 1107 will the Government be pleased to state :—

(a) whether, when the recommendations referred to in the answers to those questions were made, Mr. A. V. Krishna Ayyar, B. A. & B. L., was not in the Department ;

(b) whether the said Mr. Krishna Ayyar was not practising as a Vakil before he joined Government Service ;

(c) why Mr. Krishna Ayyar was not recommended by the Commissioner ?

Mr. P. Nilakanta Menon.—(a) Yes, but non-permanent.

LIBRARY ARCHIVES Kerala Legislative Assembly